പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1271

11.06.2019-ൽ മറുപടിക്ക്

## മാവേലിക്കര റെയിൽവേ മേൽപ്പാലം

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) മാവേലിക്കര റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br>(ബി) ആർ.ഒ.ബി. നിർമ്മാണവുമായി ബന്ധപ്പെട്ട സർവ്വേ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) & (ബി) മാവേലിക്കര കല്ലുമല റെയിൽവേ മേൽപ്പാല നിർമ്മാണത്തിന് സ.ഉ(സാധാ). നമ്പർ. 718/2018/പൊ.മ.വ തീയതി 19.04.2018 പ്രകാരം ആർ.ബി.ഡി.സി.കെ-യെ SPV ആയി നിയമിച്ചിട്ടുണ്ട്. ആർ.ബി.ഡി.സി.കെ വിശദമായ സർവ്വേ നടപടികൾ പൂർത്തിയാക്കി അലൈൻമെന്റ് തയ്യാറാക്കുകയും GAD റെയിൽവേയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ കരട് പദ്ധതി രേഖ തയ്യാറാക്കി കിഫ്ബിയ്ക്ക് അംഗീകാരത്തിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) പദ്ധതിക്കായി കേന്ദ്ര സർക്കാർ വിഹിതം ലഭ്യമായിട്ടുണ്ടോ; | (സി) ടി പദ്ധതി റെയിൽവേയുടെ 2017-18 -ലെ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളതായതിനാൽ ഭൂമി ഏറ്റെടുക്കൽ ഒഴികെയുള്ള നിർമ്മാണ ചെലവിന്റെ 50% റെയിൽവേ വഹിക്കുന്നതാണ്. |
| (ഡി) പ്രസ്തുത മേൽപ്പാലനിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) പദ്ധതി രേഖയ്ക്ക് കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭിച്ച ശേഷം മാത്രമേ ഭൂമിയേറ്റെടുക്കൽ നടപടികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ